ഉത്തരം

(എ) ഇല്ല. മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ കുറവുകൊണ്ടും നോൺ മെഡിക്കൽ ഫർണീച്ചർ ഇല്ലാത്തതുകൊണ്ടുമാണ് അന്ന് അനുമതി ലഭിക്കാതിരുന്നത്.

(ബി) 2014-15-ൽ ഇ.എസ്.ഐ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായുള്ള അപേക്ഷ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യക്ക് സമർപ്പിച്ചിട്ടുണ്ട്.

മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ആശുപത്രിക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ എല്ലാം വാങ്ങി.

ഇ.എസ്.ഐ കോർപ്പറേഷൻ ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും ഡീനിന്റെയും അദ്ധ്യാപകരുടെയും നിയമനം ഉടൻ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

കൊരട്ടിയിൽ ഇ.എസ്.ഐ ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടി

278 (2833) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടിയിൽ ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിക്കാത്തത് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നതു കൊണ്ടാണോ എന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ പ്രസ്തുത തടസ്സങ്ങൾ നീക്കി ഉടൻ നിർമ്മാണം ആരംഭിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കൊരട്ടി ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ നിർമ്മാണം ഇ.എസ്.ഐ കോർപ്പറേഷനാണ് നടത്തുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തറക്കല്ലിടൽ 23-9-2013-ൽ നടന്നു. എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് ആണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്. എച്ച്.എൽ.എൽ.-ന് 17,95,306 രൂപ ഒന്നാം ഘട്ടമായി നൽകിയിട്ടുണ്ട്. നിർമ്മാണത്തിന് തടസ്സങ്ങൾ ഒന്നുംതന്നെ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly